**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2942 12-10-2011-ലെ മറുപടിക്ക്

**കുട്ടനാട് പാക്കേജ് പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു എന്നറിയിക്കുമോ; | (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഗുണനിലവാരമുള്ള വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുക.<br>2. കാർഷിക യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.<br>3. ഉത്പാദന ശേഷി കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുക.<br>4. ഗവേഷണം ശക്തിപ്പെടുത്തുക.<br>5. അത്യുൽപാദന ശേഷിയുള്ള ആടുകളുടേയും പശുക്കളുടേയും വിതരണം.<br>6. മത്സ്യകുഞ്ഞുങ്ങളുടേയും കൊഞ്ചു കുഞ്ഞുങ്ങളുടേയും വിതരണം.<br>7. പോള നീക്കം ചെയ്യൽ<br><br>കൂടാതെ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട പാട ശേഖരങ്ങളിലെപുറംബണ്ട്നിർമ്മാണത്തിനു ള്ള പദ്ധതിയുടെ (Phase II)ഡി.പി.ആർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെയും തണ്ണീർമുക്കം ബണ്ടിന്റെയും നിർമ്മാണത്തിനായുള്ള പദ്ധതിരേഖ സംസ്ഥാന സർക്കാർ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൃഷിയിടങ്ങളിലെ പുറം ബണ്ടുകൾ കല്ലുകെട്ടി ബലപ്പെടുത്തുന്ന പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; അവ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | KEL-1, KEL-2 എന്നീ ഗ്രൂപ്പുകളിൽപ്പെട്ട പുറംബണ്ട്നിർമ്മാണത്തിനുള്ള പദ്ധതികൾ ജലസേചന വകുപ്പു മുഖേന നടപ്പിലാക്കിവരുന്നു. പദ്ധതികൾക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | കുട്ടനാട് പാക്കേജിൽ അമ്പലപ്പുഴ മണ്ഡലത്തിലെ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | കുട്ടനാട് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികൾ വിവിധ വകുപ്പുകൾ അവരുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തി അവയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ